# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1171 29.09.2011-ൽ മറുപടിയ്ക്ക്

## പിന്നോക്കക്ഷേമ വകുപ്പ് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | | ശ്രീ. എ. പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | പിന്നോക്ക ക്ഷേമ വകുപ്പും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) | 16.10.1999-തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) 93/99/പജപവവിവ പ്രകാരം പിന്നോക്ക സമുദായക്ഷേമവകുപ്പ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 14.9.2011-തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) 92/11/പജപവവിവ പ്രകാരം പിന്നോക്ക വിഭാഗ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; റിപ്പോർട്ട് എന്ന് ലഭ്യമാകും; | ബി) | പിന്നോക്ക വിഭാഗ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് പഠനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിലെ അഡീഷണൽ ഡയറക്ടർ ശ്രീ.വി.ആർ.ജോഷിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | വകുപ്പും ഡയറക്ടറേറ്റും യഥാർത്ഥ്യമാകുന്നതോടെ പിന്നോക്കക്കാരിൽ എത്ര വിഭാഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യം ലഭ്യമാകും; വിശദമാക്കുമോ? | സി) | വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ.